# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 സെപ്റ്റംബർ 05 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ചിമ്മിനി ഡാം ആറിന് തുറക്കുന്നു

ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ചിമ്മിനി ജലസംഭരണി സെപ്റ്റംബർ ആറിന് രാവിലെ പത്ത് മണിക്ക് ശേഷം തുറക്കുന്നതിന് ജില്ലാ കളക്ടർ ഉത്തരവിട്ടു. ഡാമിന്റെ രണ്ട് ഷട്ടറുകൾ 10 സെന്റിമീറ്റർ വീതമാണ് തുറക്കുക. ഇത് മൂലം കുറുമാലിപുഴ, കരുവന്നൂർ പുഴ എന്നിവയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ പുഴയുടെ ഇരുകരകളിലുള്ളവർക്ക് ജാഗ്രത പാലിക്കണം. പുഴയിൽ മത്സ്യബന്ധനത്തിലും അനുബന്ധ പ്രവൃത്തികളിലും ഏർപ്പെടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയതായും അറിയിച്ചു.

## ഭക്ഷ്യവസ്തുക്കളിൽ മായം : ഭക്ഷ്യസുരക്ഷാവകുപ്പ് 70,000 രൂപ പിഴയീടാക്കി

ഓണത്തോടനുബന്ധിച്ച് ജില്ലയിൽ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന കർശനമാക്കി. ഭക്ഷണ സാധനങ്ങളിൽ മായം കലർത്തി വില്പന നടത്തുന്ന ഹോട്ടലുകൾ, ബേക്കറികൾ, പലച്ചരക്കു കടകൾ, വറവ്, എണ്ണ പലഹാര കടകൾ എന്നിവിടങ്ങളിലാണ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധന നടന്നുവരുന്നത്. ജില്ലയിൽ ഇത്തരത്തിൽ ഭക്ഷ്യസുരക്ഷാ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ 70,000 രൂപ പിഴയീടാക്കി. ഓണം സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതേവരെ 176 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. നിയമാനുസരണമല്ലാതെ പ്രവർത്തിക്കുന്ന 65 ഹോട്ടൽ - ബേക്കറികൾക്കു നോട്ടീസ് നൽകിയതായും അസി. ഭക്ഷ്യസുരക്ഷാ കമ്മീഷണർ അറിയിച്ചു. പിടിച്ചെടുത്ത വിവിധ ഭക്ഷ്യവസ്തുക്കളുടെ 15 ഓളം സാമ്പിളുകൾ എറണാകുളത്തുള്ള ലബോറട്ടറിയിലേക്ക് അയച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ ചിക്കിങ് (10,000 രൂപ), ചാലക്കുടി റോയൽ ഫാസ്റ്റ് ഫുഡ് (3,000 രൂപ), ജയ ഹോട്ടൽ (3,000 രൂപ), കൊക്കാല ഹോട്ടൽ നഹ്ദി കുഴിമന്തി (4,000 രൂപ), ചാലക്കുടി സ്പൈസ് ഓഫ് സ്പൈസ് (2,000 രൂപ), ലക്ഷ്മി സ്വീറ്റ് (5,000 രൂപ), കോട്ടപ്പുറം കെ എസ് ഇ ബി കാന്റീൻ (2,000 രൂപ), റോയൽ ബ്രെഡ് ഹൗസ് (1,000 രൂപ), മാപ്രാണം ഫുഡ് ഇഷ്ട (2,000 രൂപ), മുകുന്ദപുരം ബ്ലൂ കാരറ്റ് കാറ്ററേഴ്സ് (2,000 രൂപ) തുടങ്ങിയ ഭക്ഷ്യ വിതരണ സ്ഥാപനങ്ങളിൽ നിന്നുമാണ് പിഴയീടാക്കിയത്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ജില്ലയിൽ രണ്ട് സ്ക്വാഡുകളാണ് രൂപീകരിച്ചിട്ടുള്ളത്. പാൽ, പഴവർഗങ്ങൾ, ശർക്കര, ചിപ്സ് എന്നിവയാണ് മിക്കയിടത്തും പരിശോധിച്ചത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഓണം അവധി ദിവസങ്ങളിലും ജില്ലയിൽ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ പ്രവർത്തിക്കും. അസി. ഫുഡ് സേഫ്റ്റി ഓഫീസിൽ ഫുഡ് സേഫ്റ്റി അസി. കമ്മീഷണർ, ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉണ്ടാകും. അടിയന്തിരമായി പൊതുജനങ്ങൾക്ക് ഉദ്യോഗസ്ഥരെ ബന്ധപ്പെടാനും അവസരം ലഭിക്കും.

ഓണത്തിന് താൽക്കാലിക സ്റ്റാളുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർ ഭക്ഷ്യ സുരക്ഷ രജിസ്ട്രേഷനോ ലൈസൻസോ എടുത്തിരിക്കണം. ഇവയില്ലാതെ വില്പന നടത്തുന്നവർക്കെതിരെ കർശന നടപടിയുണ്ടാകും. ഇത്തരം വില്പനകൾ ശ്രദ്ധയിൽപ്പെടുന്നവർ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെയോ ഭക്ഷ്യസുരക്ഷാ അസി. കമ്മീഷണറെയോ വിവരം അറിയിക്കണം. ഫോൺ : 0487 2424158

# ആച്ചി മുളക്പൊടി നിരോധിച്ചു

തൃശൂർ സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫീസർ പരിശോധനയ്ക്കയച്ച സാമ്പിളിൽ കീടനാശിനികളായ ഇത്തിയോൺ ആൻഡ് പ്രൊഫെനോഫോസ് എന്നിവയുടെ അളവ് അനുവദിക്കുന്നതിലും കൂടുതൽ കണ്ടെത്തിയതിനാൽ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ആച്ചി മുളക്പൊടി നിരോധിച്ചതായി തൃശൂർ അസി. ഭക്ഷ്യസുരക്ഷാവകുപ്പ് കമ്മീഷണർ അറിയിച്ചു. ഫുഡ് അനലിസ്റ്റ് ആർ എ എൽ കൊച്ചിയുടെ പരിശോധന റിപ്പോർട്ട് പ്രകാരമാണ് തമിഴ്നാട് തിരുവള്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആച്ചി മുളക് പൊടിയുടെ നിർമാണം നിരോധിച്ചത്.

# പി.ആർ.ഡി പ്രിസം:
# വാക് ഇൻ ഇൻറർവ്യൂ 17ന്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പ്രൊജക്ടിലേക്ക് ജില്ലയിൽ സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റൻറ്, കണ്ടൻറ് എഡിറ്റർ പാനൽ രൂപീകരിക്കുന്നതിന് വാക് ഇൻ ഇൻറർവ്യൂ നടത്തുന്നു. സെപ്റ്റംബർ 17ന് രാവിലെ 10.30 മുതൽ തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിലാണ് ഇന്റർവ്യൂ. ഉദ്യോഗാർഥികൾക്ക് രാവിലെ എട്ടു മുതൽ 9.30 വരെ ഓഫീസിലെത്തി രജിസ്റ്റർ ചെയ്യാം. ബയോഡാറ്റയും അസൽ സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാവണം.

യോഗ്യത-സബ് എഡിറ്റർ: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം. മാധ്യമ സ്ഥാപനങ്ങളിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം വേണം.

ഇൻഫർമേഷൻ അസിസ്റ്റൻറ്: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം.

കണ്ടൻറ് എഡിറ്റർ: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം. സമൂഹ മാധ്യമങ്ങളിൽ കണ്ടൻറ് ജനറേഷൻ, ഗ്രാഫിക് ഡിസൈൻ പരിചയം വേണം.

മൂന്നു വിഭാഗത്തിലും ജേർണലിസം/മാസ് കമ്യൂണിക്കേഷൻ പി.ജിയുള്ളവരെയും പരിഗണിക്കും. ഇവർക്കും പ്രവൃത്തി പരിചയം വേണം. കേരള പി.എസ്.സി മാനദണ്ഡപ്രകാരമുള്ള പ്രായപരിധി ബാധകം. ഒരാൾ ഒരു ജില്ലയിൽ മാത്രമേ അഭിമുഖത്തിൽ പങ്കെടുക്കാവൂ. ഒരാൾക്ക് ഒരു തസ്തികയിലേക്ക് മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ. സബ് എഡിറ്റർക്ക് പ്രതിമാസം 19800 രൂപയും ഇൻഫർമേഷൻ അസിസ്റ്റൻറിനും കണ്ടൻറ് എഡിറ്റർക്കും പ്രതിമാസം 15400 രൂപയുമാണ് പ്രതിഫലം. കൂടുതൽ വിവരങ്ങൾ www.prd.kerala.gov.in എന്ന വെബ്സൈറ്റിലുണ്ട്.

# പാൽ പരിശോധന
# ഇൻഫർമേഷൻ സെന്റർ തുടങ്ങി

പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഓണക്കാല ഊർജ്ജിത പാൽ പരിശോധന ഇൻഫർമേഷൻ സെന്റർ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ അജിത വിജയൻ ഉദ്ഘാടനം ചെയ്തു. വിപണിയിൽ ലഭ്യമാകുന്ന കർഷക സാമ്പിൾ, സംഘം സാമ്പിൾ, പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിൾ, പാക്കറ്റ് സാമ്പിൾ എന്നിവ പരിശോധിക്കും. കോർപ്പറേഷൻ കൗൺസിലർ കെ മഹേഷ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരണം നടത്തി. മിൽമ ചെയർമാൻ പി എ ബാലൻമാസ്റ്റർ, ക്ഷീരവികസന വകുപ്പ് അസി. ഡയറക്ടർ കെ എൽ സൈമൺ, ക്വാളിറ്റി കൺട്രോൾ ഓഫീസർ എൻ വീണ, താണവീഥി ക്ഷീരസഹകരണ സംഘം എൻ കെ സുബ്രഹ്മണ്യൻ, വലക്കാവ് ക്ഷീരസംഘം പ്രസിഡണ്ട് റ്റി കെ ശശികുമാർ, കൊട്ടേക്കാട് ക്ഷീരസംഘം പ്രസിഡണ്ട് ഡേവീസ് കണ്ണനായ്ക്കൽ, പെരിഞ്ഞനം ക്ഷീരസംഘം എം ജയകുമാർ, ചിറ്റിലപ്പിള്ളി ക്ഷീരസംഘം സെക്രട്ടറി റ്റി എൻ സതീഷ്കുമാർ, ലാബ് ടെക്നീഷ്യൻ കെ പി സത്യൻ എന്നിവർ സംസാരിച്ചു.

## എക്സലൻസ് പുരസ്ക്കാരത്തിന് അപേക്ഷിക്കാം

സ്വകാര്യ മേഖലയിലുള്ള വാണിജ്യ വ്യാപാര സ്ഥാപനങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ തരംതിരിച്ച് തൊഴിൽവകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിച്ചു. തൊഴിൽവകുപ്പിന്റെ www.lc.kerala.gov.in. എന്ന വെബ് സൈറ്റ് വഴി 'സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്' ലിങ്ക് മുഖേന സെപ്റ്റംബർ 19 നകം അപേക്ഷ ഓൺലൈനായി നൽകണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഫോൺ: 0487 - 2360469.

## ഉണർവ് 2019 മേള തുടങ്ങി

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ശരണ്യ, കൈവല്യ, കെസ്റു, മൾട്ടിപ്പർപ്പസ് സ്വയം തൊഴിൽ സംരംഭകരുടെ ഉൽപന്ന പ്രദർശന-വിപണനമേള ഉണർവ് 2019 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അങ്കണത്തിൽ മേയർ അജിത വിജയൻ ഉദ്ഘാടനം ചെയ്തു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എ എസ് അലാവുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ പി എൻ ബാബു മുഖ്യപ്രഭാഷണം നടത്തി. കോർപ്പറേഷൻ കൗൺസിലർ കെ മഹേഷ്, തൃശൂർ താലൂക്ക് തഹസിൽദാർ ഐ എ സുരേഷ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, ആർഎസ്ഇടിഐ ഡയറക്ടർ രാജേന്ദ്രപ്രസാദ്, എംപ്ലോയ്മെന്റ് ഓഫീസർ എൻ ബി ശശികുമാർ തുടങ്ങിയവർ ആശംസ നേർന്നു. എംപ്ലോയ്മെന്റ് ഓഫീസർമാരായ വി എം ഹംസ സ്വാഗതവും എം ജയശ്രീ ബീന നന്ദിയും പറഞ്ഞു. സെപ്റ്റംബർ എട്ടിന് മേള സമാപിക്കും.

## അന്തിക്കാട് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ അഞ്ചിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. ഗീത ഗോപി എംഎൽഎ യുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് 27.5 ലക്ഷം രൂപ ചിലവഴിച്ചാണ് ആൽസെന്റർ, ചൂരക്കോട്, മുറ്റിച്ചൂർ റോഡ്, കോക്കൻമുക്ക്, വന്നേരി മൂല എന്നീ സ്ഥലങ്ങളിൽ ഹൈമാസ്റ് ലൈറ്റുകൾ സ്ഥാപിച്ചത്. ലൈറ്റുകളുടെ സ്വിച്ച് ഓൺ കർമം ഗീത ഗോപി എംഎൽഎ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സൻ അധ്യക്ഷനായി. ബ്ലോക്ക് മെമ്പർമാരായ മെനുജ പ്രതാപൻ, ജ്യോതിരാമൻ, ഗ്രാമപഞ്ചായത്തു അംഗങ്ങളായ എ ഡി ബാബു, സരിത, സുമൈറ എന്നിവർ പങ്കെടുത്തു.

## അന്നമനട ഗ്രാമപഞ്ചായത്ത് : ആലത്തൂർ വർക്ക് ഷോപ്പ് റോഡ് കോൺക്രീറ്റിങ് തുടങ്ങി

അന്നമനട പഞ്ചായത്ത് ആലത്തൂർ വർക്ക് ഷോപ്പ് റോഡ് കോൺക്രീറ്റിങ് ഉദ്ഘാടനം വി അഡ്വ. വി. ആർ സുനിൽ കുമാർ എംഎൽഎ നിർവഹിച്ചു പഞ്ചായത്ത് പ്രസിഡന്റ് ടെസി ടൈറ്റസ് അധ്യക്ഷത വഹിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഇനത്തിൽ അഞ്ച് ലക്ഷം രൂപ ചെലവഴിച്ചാണ് റോഡ് കോൺക്രീറ്റിങ് നടത്തുന്നത്. വൈസ് പ്രസിഡന്റ് ടി കെ ഗോപി, സ്ഥിരം സമിതി അദ്ധ്യക്ഷ ബേബി പൗലോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## പരിശീലനത്തിന് അപേക്ഷിക്കാം

തൃശൂർ ജില്ലാ പഞ്ചായത്ത് ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ബ്യൂട്ടീഷൻ പരിശീലനം, ചമയക്കിറ്റ് വാങ്ങൽ, മൊബൈൽ ഫോൺ റിപ്പയറിങ്ങ് പരിശീലനം എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 25 നകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0487 - 2321702.

## ലേലം

തൃശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള അഞ്ച് കൈനറ്റിക് ഹോണ്ട വാഹനങ്ങൾ ഒക്ടോബർ പത്ത് രാവിലെ 11 ന് ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ ലേലം ചെയ്യും. ഫോൺ: 0487 - 2423511.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

മണലൂർ ഐടിഐയിൽ എംപ്ലോയബിലിറ്റി സ്കിൽ വിഭാഗത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നടത്തുന്നു. എംബിഎ ബിരുദം അല്ലെങ്കിൽ ബിബിഎ ബിരുദം അല്ലെങ്കിൽ സോഷ്യോളജി, സോഷ്യൽവർക്ക്, ഇക്കണോമിക്സ് എന്നിവയിൽ ബിരുദവും രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും വേണം അല്ലെങ്കിൽ ഡിജിഇടി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ബിരുദം/ഡിപ്ലോമയും പ്രവൃത്തിപരിചയവും വേണം. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സെപ്റ്റംബർ 17 രാവിലെ 11 ന് ഐടിഐ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487 - 2620066.

## കുടുംബശ്രീ ഓണം വിപണനമേള

കുടുംബശ്രീ ഹോംമെയ്ഡ് ഉൽപ്പന്നങ്ങളുമായി ഓണം വിപണനമേള ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാറിന് നൽകി എഡിഎം റെജി പി ജോസഫ് ആദ്യ വിൽപന നിർവഹിച്ചു. കുടുംബശ്രീ സംരംഭകർ ഉത്പാദിപ്പിക്കുന്ന കായ ഉപ്പേരി, ശർക്കര വരട്ടി, ഉണ്ണിയപ്പം, അവുലോസ് പൊടി, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, കുരുമുളക് പൊടി, മസാലപ്പൊടി, പുളിയിഞ്ചി, വെളിച്ചെണ്ണ, പപ്പടം, വിവിധ തരം അച്ചാറുകൾ, സ്ക്വാഷുകൾ, കേക്ക്, കുക്കീസ്, അരി ഹൽവ, വിവിധ തരം കൊണ്ടാട്ടങ്ങൾ, വിവിധ പലഹാരങ്ങൾ, കുടകൾ, പെർഫ്യൂമുകൾ, ഫാൻസി ആഭരണങ്ങൾ, പപ്പായ സോപ്പ്, മിൽക്ക് ഷാമ്പൂ, ഹോംകെയർ ഉൽപന്നങ്ങൾ, വിവിധ ബാഗുകൾ, കുത്താമ്പുള്ളി തുണിത്തരങ്ങൾ എന്നിവ മേളയിൽ ലഭ്യമാണ്. മേള രാവിലെ 9.30 മുതൽ വൈകീട്ട് 5.30 വരെയാണ്.

## ഇക്കോടൂറിസം ഇ ടിക്കറ്റ് :
## പദ്ധതിക്ക് തുടക്കമായി

സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള ടിക്കറ്റുകൾ ഓൺലൈനിൽ ബുക്കു ചെയ്യാവുന്ന സംവിധാനത്തിന് തുടക്കമായി. ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 28 ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും തിരുവനന്തപുരം വനശ്രീ ഇക്കോഷോപ്പിലുമാണ് ഓൺലൈൻ സംവിധാനം നടപ്പിലാക്കുകയെന്ന് വനം മന്ത്രി അഡ്വ കെ രാജു അറിയിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ 20 ശതമാനം ടിക്കറ്റുകൾ മാത്രമാണ് ആദ്യഘട്ടത്തിൽ ഓൺലൈൻ വഴി നൽകുകയെന്നും തടിയൊഴികെയുള്ള വന ഉൽപന്നങ്ങൾ വനശ്രീ ഇക്കോ ഷോപ്പുകളിലൂടെ ഇന്ത്യയിലെങ്ങും ഒൺലൈനായി ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി തയ്യാറാക്കിയ കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം മൊബൈൽ ആപ്പിന്റെ പ്രകാശനവും പദ്ധതിയുടെ ഉദ്ഘാടനവും ചേമ്പറിൽ മന്ത്രി നിർവഹിച്ചു.

ഒരുമാസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ സൗകര്യം ലഭ്യമാക്കുമെന്നും സന്ദർശന കേന്ദ്രങ്ങളിൽ നേരിട്ട് ടിക്കറ്റ് നൽകുന്ന സംവിധാനം തുടരുമെന്നും മന്ത്രി അറിയിച്ചു. വനംവകുപ്പിന്റെ ഒദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in, ഇക്കോ ടൂറിസം വെബ്സൈറ്റായ www.keralaecotoursim.com എന്നിവയിലും ടിക്കറ്റുകൾ ബുക്കു ചെയ്യാനും ഉൽപന്നങ്ങൾ വാങ്ങാനും സാധിക്കും. തൃശ്ശൂർ ജില്ലയിലെ അതിരപ്പള്ളി, വാഴച്ചാൽ, പത്തനംതിട്ട ജില്ലയിലെ ഗവി, അടവി- ഗവി ടൂർ പാക്കേജ്, എറണാകുളം ജില്ലയിലെ മഹാഗണി തോട്ടം, ഭൂതത്താൻകെട്ട്, പനയേലി പോര്, ഇടുക്കി ജില്ലയിലെ കാൽവരി മൗണ്ട്, കൈനഗിരി, ചെല്ലാർ കോവിൽ, കൊല്ലം ജില്ലയിലെ പാലരുവി, കണ്ണൂർ ജില്ലയിലെ പൈതൽമല-പുറത്തൊട്ടി. പൈതൽമല- മഞ്ഞപ്പുല്ല്, അളകാപുരി, ശശിപാറ, കോഴിക്കോട് ജില്ലയിലെ ജാനകിക്കാട്, പെരുവണ്ണാമൂഴി, കക്കയം,

വനപർവം, മലപ്പുറം ജില്ലയിലെ കനോലി പ്ലോട്ട്, നെടുങ്കയം,പാലക്കാട് ജില്ലയിലെ ധോണി, മിന്നാംപാറ, അനങ്ങൻമല, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ,പൊന്മുടി, പേപ്പാറ, വയനാട് ജില്ലയിലെ ചെമ്പ്ര പീക്ക്,സൂചിപ്പാറ, എന്നിവിടങ്ങളിലാണ് നിലവിൽ ഒൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം വനശ്രീ ഇക്കോ ഷോപ്പ് സംസ്ഥാനത്തെ ആദ്യത്തെ ഓൺലൈൻ ഇക്കോ ഷോപ്പായി മാറി. ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി സത്യജീത് രാജൻ, മുഖ്യവനം മേധാവി പി കെ കേശവൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പത്മാ മൊഹന്തി, ഡിസിഎഫ്സി രാജേന്ദ്രൻ, എസിഎഫ് സുനിൽ സഹദേവൻ തുടങ്ങിയവർ പങ്കെടുത്തു.